പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2218

11.6.2018 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി ജീവനക്കാരുടെ ഡേറ്റാ ബേസ് തയ്യാറാക്കാൻ നടപടി

ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന സർക്കാരിന് കീഴിൽവരുന്ന മുഴുവൻ സ്ഥാപനങ്ങളിലേയും ഭിന്നശേഷി ജീവനക്കാരുടെ ഡേറ്റാ ബേസ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകാമോ ; | (എ) ഉണ്ട്. സംസ്ഥാനത്ത് അംഗപരിമിത സംവരണം ഉറപ്പാക്കുന്ന വിഷയം സംബന്ധിച്ച് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 4.8.2017 ന് ചേർന്ന യോഗ തീരുമാന പ്രകാരം പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ്, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, സാമൂഹ്യ നീതി വകുപ്പുകളുടെ സെക്രട്ടറിതല കമ്മിറ്റി G.O(Rt)638/2017/SJD പ്രകാരം രൂപീകരിക്കുകയും ആയതിന്റെ ആദ്യ യോഗം 5.10.2017 ന് കൂടുകയുമുണ്ടായി. സംസ്ഥാനത്തെ അംഗപരിമിത സംവരണം നടപ്പിലാക്കുന്ന വിഷയം പഠിക്കുന്നതിനായി ധനകാര്യ വകുപ്പ് , നിയമ വകുപ്പ്,ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് എന്നീ വകുപ്പുകളിലെ പ്രഗത്ഭരും അനുഭവജ്ഞരുമായ വിരമിച്ച ഉദ്യോഗസ്ഥരുടെ ഒരു സമിതി രൂപീകരിക്കുകയും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറേറ്റിൽ . പ്രവർത്തിച്ചു വരികയുമാണ്. ടി സമിതി അംഗപരിമിത ജീവനക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കുന്ന വിഷയവും പരിഗണിക്കുന്നുണ്ട.<br>വിവര ശേഖരണത്തിനായി 7/2/2018 തീയതിയിലെ ചീഫ് സെക്രട്ടറിയുടെ സർക്കുലർ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകൾ, |

| | |
|---|---|
| | അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖല സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ മേധാവികളോട് സർക്കുലറിനോടൊപ്പമുള്ള ഫോർമാറ്റുകളിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. കൂടാതെ 2.5.2018, 3.5.2018 എന്നീ തീയതികളിൽ വിവര ശേഖരണത്തിനായി സംസ്ഥാനത്തെ എല്ലാ വകുപ്പ് മേധാവികൾക്കും പൊതു മേഖല സ്ഥാപന മേധാവികൾക്കുമായി ഈ വിഷയത്തിൽ തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ വച്ച് വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) ഡേറ്റാ ബേസ് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) വിവിധ സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖല സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നും ഇത് സംബന്ധിച്ച വിവരം ലഭ്യമായിക്കൊണ്ടിരിക്കുകയാണ്. ആയത് പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് അംഗപരിമിത ജീവനക്കാരുടെ ഡാറ്റാബേസ് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ